**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 413** **23-07-2021 - ൽ മറുപടിയ്ക്ക്**

**വൃക്ഷവൽക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഗോത്രവർഗ ഊരുകളിൽ വൃക്ഷവൽക്കരണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | (എ) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് വനമഹോത്സവത്തിന്റെ ഭാഗമായി ടെറിട്ടോറിയൽ/ വൈൽഡ് ലൈഫ് വിഭാഗങ്ങൾ മുഖേന വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 33 ശതമാനം വൃക്ഷാവരണത്തിന്റെ കീഴിലാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (ബി) | ഹരിതകേരളം പദ്ധതിപ്രകാരം സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, തുടങ്ങിയവ നടപ്പിലാക്കി വരുന്നു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് സൗജന്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തു വരുന്നു. കൂടാതെ വിദ്യാലയങ്ങളിൽ സ്വാഭാവിക വനങ്ങളുടെ സാദൃശ്യമുള്ള ചെറുവനങ്ങൾ നട്ടുവളർത്തുന്ന വിദ്യാവനം പദ്ധതിയും, നഗരങ്ങളിൽ ചെറുവനങ്ങൾ നിർമ്മിക്കുന്ന നഗരവനം പദ്ധതിയും നടപ്പിലാക്കിവരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും, അതു വഴി വൃക്ഷ സമ്പത്ത് വനേതരപ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. |
| (സി) | വനം സംരക്ഷിക്കുന്നതിന് ഗോത്രവർഗ സമൂഹം വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. വന സംരക്ഷണത്തിന് ഏറ്റവും യോജ്യമായത് ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തിയുള്ള പ്രവർത്തനങ്ങളാണ് എന്ന തിരിച്ചറിവാണ് രാജ്യത്ത് പങ്കാളിത്ത വന പരിപാലനത്തിന്റെ ആവിർഭാവത്തിന് നിദാനമായത്. സ്വന്തം നിലനിൽപ്പിന് തങ്ങൾ അധിവസിക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രദേശത്തിന്റെ സ്വാഭാവിക അവസ്ഥ നിലനിർത്തുക എന്നത് വളരെ പ്രധാനമാണെന്ന് കാലങ്ങൾക്കുമുൻപ് തിരിച്ചറിഞ്ഞവരാണ് ആദിവാസി സമൂഹം. വനത്തെയും വന്യജീവികളെയും സംരക്ഷിക്കുവാനും, വനോൽപ്പന്നങ്ങളെ ഏറ്റവും ശ്രദ്ധയോടെയും കരുതലോടെയും ഉപയോഗപ്പെടുത്തുവാനും, തങ്ങൾ ആർജിച്ചഅറിവുകൾ തലമുറകളിലേയ്ക്ക് പകർന്ന് സൂക്ഷിക്കുവാനും ആയതിനാൽ തന്നെ അവർ എന്നും ഉത്സുകരാണ്. തങ്ങളുടെ അതിജീവന പ്രദേശം ഏറ്റവും ശ്രദ്ധയോടും ആദരവോടും സൂക്ഷിച്ചു വരുന്നവരാണ് ആദിവാസികൾ. അവരെ വനവൽക്കരണ, സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി വരുമാന വർദ്ധനവും, ജീവിത നിലവാര ഉയർച്ചയും ലക്ഷ്യമിട്ട് രാജ്യത്ത് പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങൾ വിപുലീകരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തും വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുകയുണ്ടായി. ദേശീയ വനവൽക്കരണ പരിപാടി, ഗ്രീൻ ഇൻഡ്യാ മിഷൻ പ്രോഗ്രാം, വനശ്രീ, ഇക്കോട്ടൂറിസം തുടങ്ങി വിവിധ പദ്ധതികളിലെ പങ്കാളിത്തം അവരെ ശാക്തീകരിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട് |
| (ഡി) | വനമഹോത്സവത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | വനമഹോത്സവത്തിന്റെ ഭാഗമായി ട്രൈബൽ കോളനി സെറ്റിൽമെൻറുകളിൽ വനവൽക്കരണം, വന പുന:സ്ഥാപനം, നഗരവനം, വിദ്യാവനം, പുൽമേട് പുന:സ്ഥാപനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻറിംഗ്, കയൽ ഫൈബർ റൂട്ട്ട്രൈയിനർ തയ്യാറാക്കൽ, വനത്തോട് ചേർന്ന് കിടക്കുന്ന ഗോത്രവർഗ്ഗകോളനികളിൽ നിന്നുമുള്ള അധിനിവേശ സസ്യങ്ങളുടെ ഉൻമൂലനം, നദീതടങ്ങളിൽ ജലത്തെ ആശ്രയിക്കുന്ന ജീവികൾക്ക് ഉതകുന്ന രീതിയിലുള്ള തൈനടീൽ, ദുരന്തനിവാരണ വനവൽക്കരണം, കുറിഞ്ഞിമല സങ്കേതത്തിലെ കുറിഞ്ഞിപ്ലാൻറിംഗ് എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ